# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com

## സർക്കുലർ - മാർച്ച് 2017

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

### 1. അതിരൂപതാ സന്ദർശകരുടെ സമ്മേളനം മാർച്ച് 25

അതിരൂപതാ സന്ദർശകരുടെ സമ്മേളനം മാർച്ച് 25ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശ ഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

### 2. വിശ്വാസോത്സവം 2017 ഏപ്രിൽ 1 മുതൽ 5 വരെ

വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെ ആയിരിക്കും. വിശ്വാസോ ത്സവത്തിന്റെ അതിരൂപതാ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 1-ാം തീയതി രാവിലെ 9.30ന് കൊളക്കാട് ഇടവകയിൽ നിർവ്വഹിക്കുന്നു. നല്കിയിരിക്കുന്ന എണ്ണം അനുസരിച്ച് വർക്കുബുക്കുകൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും. വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില 4-ാം ക്ലാസ് 35 രൂപയും ബാക്കി ക്ലാസുക ളിലെ വർക്ക് ബുക്കിന് 24 രൂപയുമാണ്.

### 3. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കുട്ടികൾ ഇടവകാതല ത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ.

**വിഷയം : 'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'**

കേരളത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സഭയുടെ സംഭാവനകൾ പ്രശംസനീയമാണ്. ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകൾ ജീവിതം, സാക്ഷ്യം, ശുശ്രൂഷാമേഖലകൾ എന്നിവ ഉൾകൊള്ളുന്ന ചിത്രങ്ങളും, പേപ്പർ കട്ടിംഗ്സ്, വാർത്തകൾ എന്നിവയും ഉണ്ടായിരിക്കണം. കൂടാതെ താഴെ കൊടുത്തിരിക്കുന്ന മൂന്ന് വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിലൊരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ നാല് പേജിൽ കവിയരുത്.

1. വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ
2. ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ
3. സാംസ്ക്കാരികരംഗത്തെ സംഭാവനകൾ

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടിക ളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം: 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. 50 പേജിൽ കൂടരുത്. ഡിജിറ്റിൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കുന്നത് 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 9ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 17ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മേൽപറഞ്ഞ തീയതികൾക്കുശേഷം വരുന്ന ആൽബ ങ്ങൾ ഫൊറോനാ - അതിരൂപതാതലത്തിൽ സ്വീകരിക്കുന്നതല്ല.

### 4. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 9

I മുതൽ XI -ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തു വാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന തിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

### 5. ജനറൽ, മോഡൽ ചോദ്യങ്ങൾ

ഏപ്രിൽ 9ന് നടത്തുന്ന IV മുതൽ XI വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും മാർച്ച് 10ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ

ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 6. ലൂമെൻ എക്ലേസിയേ

ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകരും ക്ലാസുകളിൽ സംബന്ധിക്കുകയും പരീക്ഷ എഴുതേണ്ടതുമാണ്. ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അധ്യാപകരുടെ ബാക്കി അടക്കാനുള്ള തുകകൾ ഹെഡ്മാസ്റ്റർ വിശ്വാസപരിശീലന ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### 7. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2016-2017 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 11 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്,വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 11 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ശനി | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ,കുന്നോത്ത്, പേരാവൂർ |

### 8. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, 10 ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഒഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### 9. അവധിക്കാല വേദപാഠം ഏപ്രിൽ

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ ഏപ്രിൽ മാസം തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. കൂടുതൽ പിന്നീട് അറിയിക്കുന്നതായിരിക്കും.

NB: XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം.
**വിഷയം:** മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും.

### 10. ജീവിതദർശൻ - 2017

അതിരൂപതയിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഒരു ജീവിതദർശൻ ക്യാമ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. ഏപ്രിൽ 6-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയാണ് ക്ലാസ്സ് നടത്തുന്നത്. ലൗജിഹാദ്, അന്യമതപ്രണയബന്ധങ്ങൾ തുടങ്ങിയവ വർദ്ധനമാകുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്നതാണ് ഈ ക്ലാസിന്റെ ലക്ഷ്യം. 12-ാം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളും ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ